**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2777 **14.12.2015** ലെ മറുപടിക്ക്

<u>നരിക്കുഴി പട്ടിക ജാതി കോളനിയിലെ നവീകരണപ്രവർത്തനങ്ങൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പത്തനാപുരം നിയോജക മണ്ഡലത്തിലെ നരിക്കുഴി പട്ടിക ജാതി കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | പത്തനാപുരം നിയോജക മണ്ഡലത്തിലെ നരിക്കുഴി പട്ടിക ജാതി കോളനിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 65 ലക്ഷം രൂപ ടി കോളനികളുടെ വികസന പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ടാക്സ് ഉൾപ്പെടെ 69,00,654/- രൂപ ചെലവഴിച്ചതായി ഏജൻസി അറിയിച്ചിട്ടുണ്ട് |
| (ബി) | പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്കായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; | (ബി) | ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് -ആലുവ |
| (സി) | നിർമ്മാണ പ്രവർത്തനങ്ങളിൽ എന്തെങ്കിലും ക്രമക്കേടോ അഴിമതിയോ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ.യുടേതുൾപ്പെടെ ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല |
| (ഡി) | ഉപഭോക്താക്കളുടെ പരാതികളും ആവലാതികളും പരിശോധിക്കുന്നതിന് വകുപ്പിൽ നിന്നും ഒരു ഉന്നത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ; നടപടികൾ പൂർത്തിയാക്കി എത്ര മാസത്തിനകം നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | വകുപ്പ് തലത്തിൽ പരാതികൾ അന്വേഷിക്കുന്നതിനായി ജോയിന്റ് ഡയറക്ടർ (വിജിലൻസ്) എന്ന ഉദ്യോഗസ്ഥൻ നിലവിൽ ഉണ്ട്. 2016 മാർച്ച് മാസം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ